"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ് - മലപ്പുറം ജില്ല — ചീക്കോട് ഗ്രാമപഞ്ചായത്ത് - 2011-12, 2012-13 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3(2) - തടസ്സപ്പെടുത്തിയ തുക - സാധൂകരണം നല്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ ( എബി )വകുപ്പ്**

G.O.(Rt)No.937/2025/LSGD തീയതി,തിരുവനന്തപുരം, 09-04-2025

---

പരാമർശം:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് റൂറൽ ഡയറക്ടറുടെ 25.12.2019 ലെ പി എ എൻ/16249/2019-എം3(ഡി പി ) നമ്പർ കത്ത്.
2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 15.12.2021 ലെ ഡി.കെ.എസ്.എ 1466/2021/പി.റ്റി3 നമ്പർ കത്ത്.
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 22.04.2024 ലെ എൽഎസ് ജി ഡി/പി ഡി/30847/2023-എ എം3 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിലെ ചീക്കോട് ഗ്രാമപഞ്ചായത്തിന്റെ **2011-12, 2012-13** വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഢിക **3.2** ൽ സർക്കാർ ഉത്തരവ് പ്രകാരം നടപ്പിലാക്കാൻ അനുമതിയില്ലാത്ത കട്ടിൽ , കണ്ണട, ഊന്നുവടി എന്നിവയുടെ വിതരണത്തിനും വയോജന സംഗമത്തിന് ഭക്ഷണം നൽകിയതിനും ചെലവഴിച്ച **3,04,710 /-** രൂപയുടെ ചെലവ് സംസ്ഥാന ഓഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തിയിരുന്നു.

**2.**ചീക്കോട് ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ വിപുലമായ സർവേ നടത്തി ഗ്രാമസഭയുടെ അംഗീകാരത്തോടെയാണ് പദ്ധതിയ്ക്ക് ഗുണഭോക്താക്കളെ കണ്ടെത്തിയതെന്നും ഈ പദ്ധതി പ്രകാരം പ്രായാധിക്യം മൂലവും രോഗങ്ങൾ മൂലവും അങ്ങേയറ്റം ദുരിതമനുഭവിക്കുന്നവരും യാതൊരുവിധ സാമ്പത്തികശേഷി ഇല്ലാത്തവരുമായ വൃദ്ധജനങ്ങൾക്ക് മരക്കട്ടിൽ, കണ്ണട, വാക്കിംഗ് സ്റ്റിക്ക് എന്നിവ വാങ്ങി നൽകുകയും വയോജന സംഗമം എന്ന പരിപാടി നടത്തുകയുമാണ് ചെയ്തിട്ടുള്ളതെന്നും ആകെ **100** ഗുണഭോക്താക്കൾക്ക് ആണ് ഈ പദ്ധതി പ്രകാരം ആനുകൂല്യം നൽകിയതെന്നും പരാമർശ **1** പ്രകാരം ഡയറക്ടർ തദ്ദേശ സ്വയംഭരണ വകുപ്പ് (റൂറൽ ) അറിയിച്ചിട്ടുണ്ട്. ഗവൺമെൻറ് അംഗീകൃത സ്ഥാപനമായ **KADCO** യിൽ നിന്നുമാണ് മരക്കട്ടിൽ

വാങ്ങിയതെന്നും എല്ലാ ചെലവുകളും ഉൾപ്പെടെ ഒരു കട്ടിലിൽ 10,588.40 രൂപ നിരക്കിൽ 25 ഗുണഭോക്താക്കൾക്ക് 2,64,710/-രൂപ ചെലവഴിച്ചുവെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ സ്റ്റോർ പർച്ചേസ് നിയമങ്ങൾ പാലിച്ചുകൊണ്ടാണ് കണ്ണട, വാക്കിംഗ് സ്റ്റിക്ക് എന്നിവ വാങ്ങിയതെന്നും ഒരു കണ്ണടയ്ക്ക് 300/- രൂപ നിരക്കിൽ 50 ഗുണഭോക്താക്കൾക്ക് 15,000/- രൂപ ചെലവഴിച്ചുവെന്നും ഊന്നുവടി ഒരെണ്ണത്തിന് 360/- രൂപ നിരക്കിൽ 25 ഗുണഭോക്താക്കൾക്ക് 9000/- രൂപ ചെലവഴിച്ചു വെന്നും അറിയിച്ചിട്ടുണ്ട്.

3.നിരാലംബരായ വൃദ്ധജനങ്ങളുടെ മാനസികോല്ലാസം എന്ന സദുദ്ദേശത്തോടെ മാത്രം നടപ്പിലാക്കിയ വയോജന സംഗമം പരിപാടിയിൽ പങ്കെടുത്തവർക്ക് ഭക്ഷണം നൽകിയ ഇനത്തിൽ 15300/- രൂപയും പരിപാടിയുടെ നടത്തിപ്പിന് 700/- രൂപയും ഉൾപ്പെടെ ആകെ 3,04,710/- രൂപയാണ് ഈ പദ്ധതി പ്രകാരം ചെലവഴിച്ചതെന്നും ടി സാഹചര്യത്തിൽ ഈ ചെലവിന് സാധൂകരണം നൽകണമെന്നും പരാമർശം (1) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് റൂറൽ ഡയറക്ടർ ശിപാർശ സമർപ്പിച്ചിട്ടുണ്ട്. 4.പട്ടികജാതി വിഭാഗത്തിൽപ്പെട്ട നിരാലംബരും രോഗങ്ങൾ മൂലം ദുരിതമനുഭിക്കുന്ന വൃദ്ധർക്കാണ് ആനുകൂല്യങ്ങൾ നൽകിയതെന്നും പദ്ധതി നടത്തിപ്പിൽ മറ്റ് അപാകതകൾ ഒന്നും തന്നെ ശ്രദ്ധയിൽ പെട്ടിട്ടില്ലാത്തതിനാലും ചീക്കോട് ഗ്രാമ പഞ്ചായത്തിന്റെ 2011/12, 2012/13 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(2) ന് സാധൂകരണം നൽകുന്നതിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് എതിരഭിപ്രായമില്ലെന്ന് പരാമർശം (2) പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

5. ചീക്കോട് ഗ്രാമ പഞ്ചായത്ത് വയോജന സൗഹൃദമാക്കുക എന്ന ഉദ്ദേശ്യത്തോടെ 60 വയസ്സോ അതിൽകൂടുതലോ പ്രായമുള്ള വയോജനങ്ങളെ കണ്ടെത്തി അവരുടെ ശാരീരികവും മാനസികവും ഭൗതികവുമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് 2012- 2013 സാമ്പത്തിക വർഷത്തിൽ രൂപീകരിച്ചതാണ് വൃദ്ധ ആരോഗ്യ പാക്കേജെന്ന എസ് സി പദ്ധതിയെന്നും മെഡിക്കൽ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായ പ്രസ്തുത പദ്ധതി പ്രകാരം വയോജനങ്ങൾക്ക് കണ്ണട, മരം കൊണ്ട് നിർമ്മിച്ച കട്ടിൽ, ഊന്നുവടി എന്നിവ നൽകൽ കൂടാതെ വയോജനങ്ങളുടെ സംഗമം എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും ഗ്രാമസഭ തിരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് പഞ്ചായത്ത് ഭരണസമിതിയുടെ അംഗീകാരത്തോടെ കൂടിയാണ് ആനുകൂല്യം നൽകിയിട്ടുള്ളതെന്നും പരാമർശം 3 പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ

ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

6.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ റൂറൽ ഡയറക്ടർ , സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ എന്നിവരുടെ ശുപാർശ പരിഗണിച്ചും പഞ്ചായത്ത് ഭരണസമിതി തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം എന്നിവ കണക്കിലെടുത്തും പട്ടികജാതി വിഭാഗത്തിൽപ്പെട്ട നിരാലംബരും രോഗങ്ങൾ മൂലം ദുരിതമനുഭിക്കുന്ന വൃദ്ധർക്കാണ് ആനുകൂല്യങ്ങൾ നൽകിയതെന്നും പദ്ധതി നടത്തിപ്പിൽ മറ്റ് അപാകതകൾ ഒന്നും തന്നെ ശ്രദ്ധയിൽ പെട്ടിട്ടില്ല എന്നുള്ള വസ്തുത പരിഗണിച്ചും മലപ്പുറം ജില്ലയിലെ ചീക്കോട് ഗ്രാമപഞ്ചായത്തിന്റെ 2011 - 12, 2012 - 13 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3 (2) പ്രകാരം തടസ്സപ്പെടുത്തിയ 3,04,710/- രൂപയുടെ ( മൂന്ന് ലക്ഷത്തി നാലായിരത്തി എഴുന്നൂറ്റി പത്ത് രൂപ മാത്രം ) ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

GANGA G R

UNDER SECRETARY

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, ചീക്കോട് ഗ്രാമപഞ്ചായത്ത്, മലപ്പുറം

അക്കൗണ്ടന്റ് ജനറൽ ( എ & ഇ/ഓഡിറ്റ് ) കേരള , തിരുവനന്തപുരം

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം ( തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )

വെബ് & ന്യൂ മീഡിയ, വിവരപൊതുജന സമ്പർക്ക വകുപ്പ് ( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )

സ്റ്റോക്ക് ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by

Jyothish M S

സെക്ഷൻ ഓഫീസർ

Date: 10-04-2025 10:36:08